(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേരളത്തിൽ ഭീകര പ്രവർത്തനം നടക്കുന്നില്ല. ഇക്കാര്യത്തിൽ സംസ്ഥാന പോലീസിന്റെ ഇന്റലിജൻസ് വിഭാഗവും ലോക്കൽ പോലീസും ജാഗ്രത പുലർത്തിവരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സ്റ്റുഡന്റ്സ് ഇസ്ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ (സിമി) യെ കേന്ദ്ര ഗവൺമെന്റ് നിരോധിച്ചിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന വർഗ്ഗീയ സംഘട്ടനങ്ങൾ

24 (770) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വർഗ്ഗീയ സംഘട്ടനങ്ങൾക്കും സമുദായ സംഘർഷത്തിനും അറുതി വരുത്താൻ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന വർഗ്ഗീയ സംഘട്ടനങ്ങളുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഓരോന്നും ഉണ്ടാകാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസും, ജനങ്ങളും ജനപ്രതിനിധികളും ഉൾപ്പെട്ട സമാധാന കമ്മിറ്റി രൂപീകരിച്ചും പോലീസ് പട്രോളിംഗ് ശക്തമാക്കിയും പോലീസ് റിക്കറ്റുകൾ സജ്ജമാക്കിയും, കേന്ദ്ര ഇന്റലിജൻസ് ഏജൻസിയുമായി യോജിച്ച് സ്റ്റേറ്റ് ഇന്റലിജൻസ് ഏജൻസിയുടെ മോണിറ്ററിംഗ് സെൽ വർഗ്ഗീയസംഘട്ടനങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങൾ നിരീക്ഷിച്ചുവരുന്നു

(സി) പെട്ടെന്നുള്ള പ്രകോപനം, വ്യക്തിപരവും, തൊഴിൽപരവും-കുടുംബപരവും സ്വത്ത് സംബന്ധിച്ചുമൊക്കെയുള്ള കാരണങ്ങളാൽ ഉടലെടുക്കുന്ന വിരോധം സംഘട്ടനങ്ങൾക്ക് വഴിവയ്ക്കുകയും അതിനു ചിലപ്പോൾ വർഗ്ഗീയ നിറം കൈവരുന്നതായുമാണ് കണ്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly